## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1102.** **25.01.2018 ൽ മറുപടിയ്ക്ക്**

## വിമുക്തി പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ.പി.ഉബൈദുള്ള | | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| (എ) | കേരള സംസ്ഥാന ലഹരി നിർമ്മാർജ്ജന മിഷന്റെ കീഴിൽ നടപ്പിലാക്കുന്ന വിമുക്തി പദ്ധതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും ലക്ഷ്യമിട്ട് 06.10.2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവ് പ്രകാരം കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുണ്ട്. ഇതിന്റെ ഘടന, ലക്ഷ്യം, സംഘാടനം, എങ്ങനെ നടപ്പിലാക്കുന്നു, പ്രവർത്തനം എന്നീ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br><u>ഘടന</u><br>സംസ്ഥാനതലത്തിൽ ബഹു. കേരള മുഖ്യമന്ത്രി ചെയർമാനും, എക്സൈസ് വകുപ്പ് മന്ത്രി വൈസ് ചെയർമാനും, നികുതി വകുപ്പ് സെക്രട്ടറി കൺവീനറും, ആരോഗ്യം, തദ്ദേശ സ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യവും ടൂറിസം, കായിക-യുവജനക്ഷേമം, പട്ടികജാതി പട്ടിക വർഗ്ഗ വികസനം, സാംസ്കാരിക കാര്യം, മത്സ്യബന്ധനം വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, കലാ-സാംസ്കാരിക - സാഹിത്യ- സന്നദ്ധ സംഘടനാ പ്രതിനിധികൾ, സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റ്, അഡ്വക്കേറ്റ് ജനറൽ, കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എന്നിവർ മെമ്പർമാരായുള്ള ഗവേണിംഗ് ബോഡിയും, എക്സൈസ് വകുപ്പ് മന്ത്രി ചെയർമാനും, നികുതി സെക്രട്ടറി വൈസ് ചെയർമാനും, എക്സൈസ് കമ്മീഷണർ കൺവീനറും ആയുള്ള സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയും, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാ കളക്ടർ കൺവീനറുമായുള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും രൂപീകരിച്ചിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും വിമുക്തിയുടെ കമ്മിറ്റികൾ ഉണ്ടായിരിക്കും. |

ലക്ഷ്യം

യുവജനങ്ങളെയും, വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയെന്നതാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ പരമ പ്രധാനമായ ലക്ഷ്യം.

സംഘാടനം

സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ളബ്ബുകൾ, എസ്.പി.സി, എൻ.എസ്.എസ്, കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികൾ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന - മഹിളാ സംഘടനകൾ എന്നിവയുടെ പങ്കാളിത്തത്തോടുകൂടി ലഹരി മുക്ത കേരളം സൃഷ്ടിക്കുകയെന്നതാണ് സർക്കാർ ഉദ്ദേശിക്കുന്നത്. വിവിധ ജില്ലകളിൽ വിമുക്തി പദ്ധതിയുടെ മേൽ നോട്ടം വഹിക്കുന്നതിന് വേണ്ടി മന്ത്രിമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓരോ ജില്ലയിലെയും വിമുക്തിയുടെ പ്രവർത്തനം അതത് ജില്ലയിൽ ചുമതലപ്പെടുത്തിയിട്ടുള്ള മന്ത്രിയുടെ നിരീക്ഷണത്തിൻ കീഴിൽ നടത്തപ്പെടുന്നു.

എങ്ങിനെ നടപ്പിലാക്കുന്നു

കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ പ്രവർത്തനങ്ങൾ എക്സൈസ് വകുപ്പിന് കീഴിലെ അവെയർനെസ്സ് പ്രോഗ്രാം കോ-ഓർഡിനേഷൻ വിംഗിന്റെ കീഴിലുള്ള ഉദ്യോഗസ്ഥ സംവിധാനവും സൗകര്യങ്ങളും ഉപയോഗിച്ചാണ് ഇപ്പോൾ നടപ്പിലാക്കി കൊണ്ടിരിക്കുന്നത്.

ലഹരി വർജ്ജന മിഷന്റെ മാർഗ്ഗരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ, ഓഫീസ് സംവിധാനം ആരംഭിക്കൽ, മറ്റ് ഭരണതല ചെലവുകൾ എന്നിവ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള 5% പുനരധിവാസ സെസ്സ് ഇനത്തിൽ സമാഹരിക്കുന്ന തുകയിൽ നിന്നുമാണ് ഉപയോഗിക്കുന്നത്.

പ്രവർത്തനം

തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുന്ന കമ്മിറ്റികൾ മാസംതോറും വിമുക്തിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. സംസ്ഥാന സമിതി 3 മാസത്തിലൊരിക്കൽ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നതാണ്.

സാമൂഹിക ക്രിയാത്മകമായ ചുവടുവെയ്പ്പുകൾ, സ്കൂൾ, കോളേജ്, വിദ്യാഭ്യാസ

| | | | |
|---|---|---|---|
| | | | സ്ഥാപനതല പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവർക്കുള്ള തിരുത്തൽ പ്രക്രിയ, നിയമ വിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചു ള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവ യാണ് വിമുക്തി പദ്ധതിയുടെ പ്രധാന പ്രവർത്തന ങ്ങൾ. |
| (ബി) | ലഹരിക്കെതിരെ പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്താനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | സ്കൂൾ-കോളേജ് തലത്തിൽ ലഹരി ഉപയോഗത്തിനെതിരെ ബോധവത്കരണം നടത്തുന്നതിനായി ക്വിസ് മത്സരം, ചിത്രരചന മത്സരം, നാടകരചന മത്സരം മുതലായവ സംഘടിപ്പിക്കുന്നുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുകളുള്ള സ്കൂളുകൾക്കും കോളേജുകൾക്കും ഓണറേറിയവും പ്രവർത്തന ഫണ്ടും നൽകിവരുന്നുണ്ട്. ജൂൺ 26 അന്താരാഷ്ട്ര മയക്ക് മരുന്ന് വിരുദ്ധ ദിനാചരണത്തോടനുബന്ധിച്ച് മികച്ച സന്നദ്ധ സംഘടന, സന്നദ്ധ സംഘടനാ പ്രവർത്തകൻ, മികച്ച സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗങ്ങൾ എന്നിവർക്ക് അവാർഡ് വിതരണം നടത്തുന്നുണ്ട്. ബോധവത്കരണത്തിന്റെ ഭാഗമായി എഫ്.എം. റേഡിയോ വഴി ബോധവത്കരണ പരസ്യം പ്രക്ഷേപണം ചെയ്യുന്നുണ്ട്. തൃശ്ശൂർ പൂരം, ഉത്രാളിക്കാവ് പൂരം, ബീമാപ്പള്ളി ഉറൂസ്, ആറ്റുകാൽ പൊങ്കാല, വെട്ടുകാട് പള്ളി തിരുന്നാൾ എന്നിവയോടനുബന്ധിച്ച് ബോധവത്കരണ സ്റ്റാളുകൾ പ്രവർത്തിപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**